# STD - XII

## അദ്ധ്യാപക സഹായി

## പാഠം – ആറ് ക്രൈസ്തവ കലാദർശനം ഭാഗം – ഒന്ന്

പാഠഭാഗം –1 (page 122-132)

Note: കുട്ടികളെ ചെറിയ ഗ്രൂപ്പായി തിരിച്ചുവേണം ക്ലാസ് എടുക്കാൻ

### ലക്ഷ്യം

**1. കുട്ടിയുടെ ഉള്ളിൽ വയ്ക്കേണ്ട ധാരണകൾ**

(a) സാഹിത്യവും കലയും ജീവിതം ധന്യമാക്കാൻ ഉതകുന്ന സന്ദേശം നൽകുന്നതാകണം എന്നതാണ് ക്രൈസ്തവദർശനം. കാരണം, ഇവ ആത്യന്തികമായി ജീവിതത്തിനും മനുഷ്യനുംവേണ്ടി ആയിരിക്കണം. കല കലയ്ക്കുവേണ്ടി എന്ന് വാദിക്കുന്ന ഫ്രഞ്ച് സാഹിത്യകാരനായ ഗോട്ടിയർ തുടങ്ങിയുള്ളവർ വാദിക്കുമ്പോഴും അങ്ങനെയല്ല മൂല്യ പ്രസരണി ആവണം കലയും സാഹിത്യവും എന്നും സാഹിത്യത്തെയും ധർമ്മത്തെയും വേർപെടുത്താനാവില്ല. കാരണം കല ജീവിതത്തിനുവേണ്ടിയാണ്. സാഹിത്യം ജീവിതത്തിന്റെ വ്യാഖ്യാനമാകണമെന്ന് മാത്യു അർനോൾഡും കൂട്ടരും യുക്തിപൂർവ്വം സ്ഥാപിക്കുന്നുണ്ട്

(b) ഈശ്വരൻ ആത്യന്തിക സത്യമാണ്. സത്യാന്വേഷണമാണ് തത്വചിന്തയുടെ മർമ്മം. അതുകൊണ്ടുതന്നെ തത്വചിന്ത മിഥ്യയല്ല എന്ന് പറഞ്ഞു വെച്ചുകൊണ്ട് സോക്രട്ടീസിന്റെ ശിഷ്യനായ പ്ലേറ്റോ ക്ഷുദ്ര കൃതികളെ എതിർത്ത് ഇങ്ങനെയാണ് പറഞ്ഞത്. ഈശ്വരൻ ആത്യന്തിക സത്യമാണ്. ബാഹ്യപ്രപഞ്ചം സത്യത്തിന്റെ അനുകരണം അഥവാ പ്രതിബിംബനം മാത്രമാണ്. പ്രതിബിംബനം യാഥാർത്ഥ്യമല്ല. മിഥ്യയാണ്. അനുഭൂതികളുടെ മാത്രം സൃഷ്ടിയായ സാഹിത്യം ബാഹ്യപ്രപഞ്ചത്തിന്റെ അനുകരണമാണ്. അതിനാൽ അനുകരണത്തിന്റെ അനുകരണമായ സാഹിത്യം സത്യത്തിൽ നിന്ന് രണ്ടു മടങ്ങ് അകലെയാണ്. ക്ഷുദ്ര കൃതികളെ ഇപ്രകാരം വിമർശിച്ച പ്ലേറ്റോ പക്ഷേ ഉത്തമമായ സാഹിത്യ രചനകൾ അംഗീകരിച്ചുകൊണ്ട് സത്യം സൗന്ദര്യം നന്മ എന്നിവയുടെ യുക്തി യുക്തിസഹവും തരംതിരിക്കാത്തതുമായ ആവിഷ്കാരമാണ് ഉത്തമസാഹിത്യം എന്നും അത് സ്വീകാര്യമാണെന്നും സ്ഥാപിച്ചു.

(c) സാഹിത്യം ജീവിതത്തിന്റെ അനുകരണം ആവണമെന്നും അതിനാൽ ആത്യന്തിക സത്യത്തിന്റെ അനുകരണം ആവണമെന്നും ബാഹ്യപ്രപഞ്ചത്തിന്റെ അനുകരണം ആവരുതെന്നും ആദ്യമായി പ്ലേറ്റോ സിദ്ധാന്തിച്ചു. വൈകാരികമായ രാജകത്വം സൃഷ്ടിച്ചേക്കാവുന്ന രചനകൾ ബഹിഷ്കരിക്കേണ്ടത് ആണെന്നും സാഹിത്യത്തിന് ഒതുക്ക

വും സംവിധാന ക്രമവും ഘടക പൊരുത്തവും ഉണ്ടായിരിക്കണമെന്നും അദ്ദേഹ മാണ് ആദ്യമായി വ്യക്തമാക്കിയത്. കലയും സാഹിത്യവും സംസ്കാരത്തെ പരിപോ ഷിപ്പിക്കാൻ കഴിവുള്ളവയാണെന്ന് ആദ്യമായി നിരീക്ഷിച്ചത് അദ്ദേഹം തന്നെ.

(d) പ്ലേറ്റോയുടെ ശിഷ്യനും മഹാനായ അലക്സാണ്ടറുടെ ഗുരുവുമായ അരിസ്റ്റോട്ടിൽ കലയെയും സാഹിത്യത്തെയും സംബന്ധിച്ച ഗുരുവിന്റെ അഭിപ്രായങ്ങളെ പുന പരിശോധിക്കുന്നുണ്ട്. സാഹിത്യത്തെ ആയിരിക്കുന്ന അവസ്ഥയിൽ കാണാൻ ശ്രമിക്കുകയും മുൻവിധിയില്ലാതെ ഇഴപിരിച്ച വിശകലനം നടത്തുകയും ചെയ്യുന്നത് അരിസ്റ്റോട്ടിൽ ആണ്. കല അനുകരണമായതിനാൽ അത് സത്യത്തിൽ രണ്ട് ഇരട്ടി അകലെ ആണെന്ന് പ്ലേറ്റോ പറയുമ്പോൾ കല അനുകരണം ആണെന്ന് സമ്മതിച്ചുകൊണ്ട് അത് പക്ഷേ സത്യത്തിൽ നിന്ന് ഒരിക്കലും അകലെയല്ല എന്ന് അരിസ്റ്റോട്ടിൽ വാദിക്കുന്നു. കലയിലെ അനുകരണം സത്യത്തോടുള്ള അടുത്തുനിൽപ്പാണ് എന്നാണ് അദ്ദേഹം സമർപ്പിക്കുന്നത്. കല വികാരങ്ങളെ ഇളക്കിമറിക്കുന്നെങ്കിലും അത് വികാരങ്ങളെ വിമലീകരിക്കാൻ (കഥാർസിസ്) ഇടയാക്കുന്നു എന്നും വ്യക്തമാക്കുന്നുണ്ട്. അരിസ്റ്റോട്ടിലിന്റെ 'പോയറ്റിക്സ്' കലയിലെയും സാഹിത്യത്തിലെയും മൂല്യ അന്വേഷണം സാർത്ഥകമായും സമർത്ഥമായും നിറവേറ്റുന്നു എന്നാണ് പണ്ഡിത മതം

(e) കലയുടെയും സാഹിത്യത്തിന്റെയും ധർമ്മം സംബന്ധിച്ച് ശ്രദ്ധേയമായ ചിന്തകൾ സമ്മാനിച്ച മറ്റൊരു പാശ്ചാത്യ ചിന്തകനാണ് ലോഞ്ജൈനസ്. ജീവിതം ഭൗതികത്വത്തിൽ നിന്ന് അതിഭൗതികത്വത്തിലേക്കുള്ള ഒരു ക്രിയാത്മക സഞ്ചാരം ആണെന്ന് വാദിച്ച ആളാണ് ഇദ്ദേഹം. അരിസ്റ്റോട്ടിലിന്റെ 'പോയറ്റിക്സി'ന് സമാനമായിട്ടാണ് ഇദ്ദേഹത്തിന്റെ 'എസ്സെ ഓൺ ദ സബ്ലൈം' (ഉദാത്തമായതിനെ കുറിച്ച്) കണക്കാക്കപ്പെടുന്നത്. കലയും സാഹിത്യവും ഉദാത്തമാണോ എന്ന് തിരിച്ചറിയാനുള്ള മാനദണ്ഡങ്ങളും ഉദാത്തമായ കൃതികളുടെ ഉദാഹരണങ്ങളും ഇതിൽ നൽകുന്നുണ്ട്. ഹൃദയത്തെ ആനന്ദനിർഭരവും അഭിമാനപുളകിതവും ശ്രേഷ്ഠവും ദൃഢവുമൊക്കെ ആക്കുന്ന എഴുത്തുകാരന്റെ അനുഭവത്തിൽനിന്ന് വായനക്കാരനെയും അതിലേക്ക് എത്തിക്കുന്നതും അതിൽ നിലനിർത്തുന്നതും ആയ കാര്യങ്ങൾ ഉദാത്തസൃഷ്ടികൾക്ക് ഉണ്ടാകണമെന്നാണ് ഇദ്ദേഹത്തിന്റെ വാദം.

(f) മധ്യയുഗം എന്നറിയപ്പെടുന്ന നാലാം നൂറ്റാണ്ടു മുതൽ പതിനാലാം നൂറ്റാണ്ട് വരെ ബഹുദൈവ ആരാധന, ലൈംഗിക അരാജകത്വവുമായും നരബലിയുമായും കെട്ടുപിണഞ്ഞു കിടന്നിരുന്നതിനാൽ കലയും സാഹിത്യവും ആ സ്വാധീനത്തിൻ കീഴിൽ അകപ്പെട്ടിരുന്നു. ഈ അവസ്ഥയ്ക്ക് വിരാമം ഇടാൻ യൂറോപ്പിലെ സഭയുടെ സ്വാധീനം ഉപയോഗിച്ച് അത്തരം റോമൻ യവനസൃഷ്ടികളെ നിരോധിക്കുകയും അന്ന് ഉണ്ടായിരുന്നവയെ തമസ്കരിക്കുകയും ചെയ്തു. അതിനാൽ ഇത് ഇരുണ്ട യുഗം എന്നറി

യപ്പെട്ടു പിന്നീട് നവോത്ഥാന കാലഘട്ടത്തിൽ കലാകാരന്മാരെയും സാഹിത്യകാര ന്മാരെയും ഉദാരതയോടെ പിന്തുണയ്ക്കുകയും ചെയ്തു.

(g) കാവ്യങ്ങളെ കുറിച്ചുള്ള ഭാരതീയ ദർശനം ഭാരതത്തിലെ ആദ്യ കവി എന്ന് കരു തുന്ന വാല്മീകിയുടെ ജീവിതവും രചനയും വ്യക്തമാക്കുന്നു. കാട്ടാളന് മാനസാന്ത രം വന്ന് താപസ്സനായി മറ്റൊരു കാട്ടാളന്റെ അക്രമത്തെയും അനീതിയെയും ചോദ്യം ചെയ്യുന്ന ധർമ്മബോധം കൈവരിച്ചു. ഉത്തമനായ മനുഷ്യൻ മാത്രമേ ഉത്തമസാഹി ത്യത്തിന് വിഷയമാകാവു എന്ന ബോധ്യം ഉണ്ടായി. അപ്രകാരമുള്ള ഒരുവനെ തേടി യുള്ള വാല്മീകിയുടെ സഞ്ചാരത്തിനൊടുവിൽ രാമൻ എന്ന ഉത്തമ മനുഷ്യനിൽ എത്തിച്ചേർന്നു. രാമായണം ജന്മം കൊണ്ട് അപൂർണ്ണവും അപക്വവും അവിശുദ്ധമായ തും ഒന്നും രചനായോഗ്യമല്ല എന്നതുമാണ് സർവ്വാദരണീയമായ ഭാരതീയ കാഴ്ചപ്പാട്.

(h) വ്യാസൻ നൽകുന്നതും ഉദാത്തമായ കലാസാഹിത്യ കാഴ്ചപ്പാടാണ്, രാജ്യം സ്വന്തമാക്കാനുള്ള മഹാഭാരതയുദ്ധത്തിൽ പാണ്ഡവന്മാർ അഞ്ചുപേരും മരിക്കുന്നില്ല. കൗരവർ നൂറ്റവരും മരിക്കുന്നു. മരിക്കാത്തവർ രാജ്യം ഭരിക്കുകയല്ല. സഹോദരങ്ങളെ കൊന്നതിലുള്ള മനസ്സാക്ഷിക്കടിയിൽ പശ്ചാത്താപവിവശരായി തപസ്സിന്റെ അരൂപി യോടെ സർവ്വവും വിട്ടൊഴിഞ്ഞ് യാത്ര നടത്തുന്നു. യുദ്ധത്തിൽ ആരും ജയിക്കുന്നില്ല എല്ലാവരും തോൽക്കുന്നേയുള്ളൂ. സാഹിത്യം നൽകുന്ന ഗുണപാഠം ജീവിതത്തിലെ ക്ലേശങ്ങളെയും ദുഃഖങ്ങളെയും അഭിമുഖീകരിച്ച് ദൈവ നിശ്ചയത്തിന് കീഴ്വഴങ്ങി സ്വാർത്ഥതയോടെ യുദ്ധം ചെയ്ത് ധീരമായി മുന്നോട്ടുപോകുന്ന ഉത്തമ കഥാപാത്ര ങ്ങളെ അവതരിപ്പിച്ചുകൊണ്ട് ഭാരത കലയുടെയും സാഹിത്യത്തിന്റെയും ഉദാത്തത യുടെ മാനദണ്ഡം വെളിപ്പെടുത്തുകയാണ് നാടകകൃത്തുക്കളായ ഭാസനും കാളിദാസ നും ഒക്കെ ചെയ്തത്.

**2. കുട്ടിയിൽ രൂപപ്പെടേണ്ട മനോഭാവം**

(a) കലാസാഹിത്യ സൃഷ്ടികളെ മനുഷ്യമഹത്വത്തിന്റെയും മനുഷ്യനന്മയുടെയും മാന ദണ്ഡങ്ങൾക്ക് വിധേയമാക്കി ഉദാത്തമായ കണ്ടെത്തലുകളിലൂടെ അംഗീകരിക്കാനും, ശരിയല്ലാത്തവയെ തള്ളാനുമുള്ള മനോഭാവം.

(b) കലാസാഹിത്യ മാധ്യമങ്ങളിലുടെ മനുഷ്യമനസ്സുകളെ ശക്തമാക്കാൻ പാകത്തിൽ കലാസാഹിത്യമേഖലകളിൽ പ്രവർത്തിക്കാനുള്ള മനോഭാവം.

## പഠനസഹായികൾ

* വചനം - ഉത്പ. 3:19
* ഈസോപ്പ് കഥ സ്കിറ്റ് അവതരണം
* ചിത്രം - സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ,ലോഞ്ജൈനസ്, വാല്മീകി, വേദ വ്യാസൻ
* പാഠാവതരണം: പാഠപുസ്തകത്തിലെ 122, 123 പേജിലുള്ള കഥ, നേരത്തെ തെര

ഞ്ഞെടുത്ത് പറഞ്ഞ് ഏൽപ്പിച്ചിട്ടുള്ള കുട്ടികൾ അവതരിപ്പിച്ച് സന്ദേശം പങ്കുവയ്ക്കുന്നു.

## പാഠത്തിന്റെ ഉള്ളടക്കം

* സാഹിത്യം സന്ദേശദായകം (i)
* കലയും സാഹിത്യവും പൊരുളന്വേഷണവും (ii)
* അരിസ്റ്റോട്ടിലിന്റെ പുനഃപരിശോധന (iii)
* കല ഉദാത്തമാകണം (iv)
* സഭയുടെ സമീപനം
* ഭാരതീയ കാവ്യമീമാംസ, വ്യാസദർശനം
* ദൃശ്യവും ശ്രാവ്യവും, സാഹിത്യേതര കലകൾ.

ആദ്യത്തെ നാല് ഉപശീർഷകങ്ങൾക്ക് കീഴിലുള്ള ഭാഗങ്ങൾ ഓരോന്നും ഓരോ ഗ്രൂപ്പിനും വായിക്കാൻ നറുക്കിട്ട് നിശ്ചയിച്ചു നൽകുന്നു. അഞ്ചുമിനിറ്റ് വായനയ്ക്കു ശേഷം തങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന ഭാഗത്ത് പരാമർശിച്ചിരക്കുന്ന ഓരോ വ്യക്തി യുടെയും പേര് ഒരു പേപ്പറിൽ എഴുതിയിട്ട് ആ വ്യക്തികൾ കല, സാഹിത്യം എന്നിവ യെപ്പറ്റി എന്താണ് പറഞ്ഞിരിക്കുന്നതെന്ന് അഞ്ചു മിനിറ്റിനുള്ളിൽ രേഖപ്പെടുത്തുവാനും ആവശ്യപ്പെടുക. രേഖപ്പെടുത്തിക്കഴിയുമ്പോൾ അവരവർ തയ്യാറാക്കിയ നോട്ടുകൾ നറുക്കെടുപ്പിലൂടെ മറ്റൊരു ഗ്രൂപ്പിന് കൈമാറുക. അങ്ങനെ ഓരോ ഗ്രൂപ്പിനും ലഭിച്ച നോട്ടുകൾ, പാഠപുസ്തകത്തിലുള്ള ഭാഗമായി ഒത്തുനോക്കി ശരിയോ തെറ്റോ എന്ന് പരിശോധിച്ച് മാർക്കിട്ട്, തെറ്റുകൾ ഉണ്ടെങ്കിൽ, അത് ബന്ധപ്പെട്ട ഗ്രൂപ്പിന് ചൂണ്ടിക്കാ ണിച്ചു കൊടുക്കുക.

## പ്രാർത്ഥന

കർത്താവായ ദൈവമേ, സഭയോട് ചേർന്നുനിന്നുകൊണ്ട് കലയും സാഹിത്യവും സർവ്വഥാ സുവിശേഷ പ്രഘോഷണത്തിനുവേണ്ടി പ്രയോജനപ്പെടുത്തുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ.

## ചോദ്യങ്ങൾ

1. കല ഉദാത്തമാകണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്?
2. നാലുമുതൽ പതിനാലുവരെയുള്ള നൂറ്റാണ്ടുകളിൽ കലയോടും സാഹിത്യത്തോടു മുള്ള സഭയുടെ സമീപനം എങ്ങനെയായിരുന്നു. വ്യക്തമാക്കുക
3. നമ്മുടെ ടിവി ചാനലുകൾ സംപ്രേഷണം ചെയ്യുന്ന വാർത്താധിഷ്ഠിത പരിപാടി കളും വിനോദപരിപാടികളും വീക്ഷിച്ചു, ഇവ ചെയ്യുന്നത് സാംസ്കാരിക നവോ ത്ഥാനമാണോ എന്ന് വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കുക.
4. അധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ. ഈ സന്ദേശം ഉൾക്കൊള്ളുന്ന ആദർശ സുന്ദരമായ ഒരു സ്കിറ്റ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ തയ്യാറാക്കി അവതരിപ്പിക്കുക.

# STD - XII

## അദ്ധ്യാപക സഹായി

**പാഠം – ആറ്  ക്രൈസ്തവ കലാദർശനം  ഭാഗം – രണ്ട്**

പാഠഭാഗം -2 (page 132-145)

Note: കുട്ടികളെ ചെറിയ ഗ്രൂപ്പായി തിരിച്ചുവേണം ക്ലാസ് എടുക്കാൻ

## ലക്ഷ്യം

**1. കുട്ടിയുടെ ഉള്ളിൽ വയ്ക്കേണ്ട ധാരണകൾ**

(a) ദേവാലയ നിർമ്മാണം, ഭവന നിർമ്മാണം, പ്രതിമ നിർമ്മാണം, ചിത്രശില്പാ രചന എന്നവി സാഹിത്യേതര രചനയിൽപ്പെടുന്നു. ക്രൈസ്തവ ദേവാലയ നിർമ്മിതിക്ക് പാശ്ചാത്യ നിർമ്മിതി ശാസ്ത്രവുമായാണ് സാമ്യവും തുല്യതയും. സ്തൂപികാഗ്രത രൂപത്തിൽ കൂപ്പിയുയർത്തി കൈകളെ സൂചിപ്പിക്കുന്നതും ലളിതവുമായ ശൈലിയാണ് ഗോത്തിക് ശൈലി. ദൈവസന്നിധ്യബോധം ജനിപ്പിക്കാൻ ബൈബിൾ പ്രതീകങ്ങൾ സമൃദ്ധമായി പ്രയോജനപ്പെടുത്തുന്നു. ലാറ്റിൻ, ബൈസന്റയിൻ, റോമാനെസ്ക് ശൈലികളും ഉണ്ട്. റോം, നോട്ടർ ഡാം, ഫ്ളോറൻസ് കത്തീഡ്രൽ – ലൂർദ്ദ്, ഫാത്തിമാ എന്നിവിടങ്ങളിലെ ബസിലിക്കകൾ ഇവയ്ക്ക് മകുടോദാഹരണങ്ങളാണ്. ബ്രഹ്മാന്തെ, മൈക്കലാഞ്ചലോ എന്നീ കലാകാരന്മാർ ഇക്കാര്യത്തിൽ ലോകശ്രദ്ധ ആകർഷിച്ചവരാണ്.

(b) നമ്മെപ്പോലെ സാധാരണ മനുഷ്യനായിരുന്നെങ്കിലും വിരോചിതമായ ജീവിതം വഴി വിശുദ്ധരായിരുന്നവരുടെ ഓർമ്മ നമ്മുടെ മനസ്സിനെ ദൈവോന്മുഖമായി ഉയർത്താൻ സഹായിക്കുന്നു. അതിന് അവരുടെ പ്രതിമകളും ഛായാചിത്രങ്ങളും ഉപകരിക്കുന്നതിനാൽ സഭ അത് അനുവദിക്കുന്നു. മൈക്കലാഞ്ചലോ, ലെയാർണോഡോ ദാവിഞ്ചി, റഫായേൽ എന്നിവർ തയ്യാറാക്കിയ ശില്പങ്ങളും ചിത്രങ്ങളും ലോകോത്തരങ്ങളാണ്.

(c) 4, 5 നൂറ്റാണ്ടുകളിലെ മത മർദ്ദനകാലത്ത് ക്രിസ്ത്യാനികൾ ആണെന്ന് അറിഞ്ഞാൽ മൃതദേഹത്തോടുപോലും അനാദരവ് കാട്ടിയിരുന്ന മതവിരോധികളിൽ നിന്ന് രക്ഷ നേടാൻ പാറകൾക്കിടയിലെ ഗുഹാകുടീരങ്ങളിൽ മൃതശരീരങ്ങൾ രഹസ്യമായി മറവു ചെയ്തിരുന്ന സിമിത്തേരികളാണ് കാറ്റക്കൂമ്പുകൾ. വിശ്വാസികൾ പ്രാർത്ഥനയ്ക്കായും അപ്പംമുറിക്കൽ ശുശ്രൂഷകൾക്കായും ഇവിടെ രഹസ്യ സമ്മേളനങ്ങൾ ചേർന്നിരുന്നു. റോമിന്റെ അതിർത്തി പ്രദേശങ്ങളിലെ സിൽവെസ്റ്റർ, കലിസ്റ്റർ, സെബാസ്റ്റ്യൻ തുടങ്ങിയ വിശുദ്ധരുടെ നാമത്തിലുള്ള കാറ്റക്കൂമ്പുകൾ തീർത്ഥാടന കേന്ദ്രങ്ങളാണ്.

(d) കേരളത്തിലെ ഭാഷ, സാഹിത്യം, വ്യാകരണം എന്നീ മേഖലകളിലെ വിദേശ മിഷ

ണറിമാരുടെ സംഭാവനകൾ അതുല്യമാണ്. അവർണരും ഹീനജാതിക്കാരും എന്ന് മുദ്ര കുത്തപ്പെട്ട് സമൂഹത്തിന്റെ പുറമ്പോക്കിലേക്ക് തള്ളപ്പെട്ടിരുന്നവരുടെ ഉന്നമനം അവർ ലക്ഷ്യം വെച്ചുകൊണ്ട് അക്ഷരവെളിച്ചം നൽകി. പള്ളിയോടൊപ്പം പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു. ആദ്യജനെയും ചണ്ഡാളനെയും ഒരേ ബെഞ്ചിൽ ഇരുത്തി പഠിപ്പിച്ചു.

(e) സംസാരഭാഷ പദ്യരൂപത്തിൽ ആയിരിക്കണമെന്നും ഗദ്യരൂപം പ്രാകൃതന്റെ ശൈലി ആണെന്നും കരുതിപ്പോന്ന കാലത്ത് ഭാഷ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് വിധിക്കുന്ന വ്യാകരണം, ഗദ്യത്തിന് ആദ്യമായി സംഭാവന ചെയ്തത് വരാപ്പുഴ വികാരിയാത്തിലെ പ്രഥമ മെത്രാൻ ആയിരുന്ന ഡോ. ആഞ്ചേലോ ഫ്രാൻസിസ് ഒ.സി.ഡിയാണ്. മലയാളത്തിലെ ആദ്യ ശബ്ദകോശത്തിന്റെയും കർത്താവാണ് ഇദ്ദേഹം. ബിഷപ്പ് ജോൺ ദ് ബാപ്റ്റിസ്റ്റ്, സ്റ്റീഫൻ ഓഫ് സെന്റ് പീറ്റർ ആൻഡ് പോൾ, ഫാ. ജെമിനിയാനി ഓഫ് സെന്റ് ഒക്ടാവിയ എന്നീ കർമ്മലീത്തരും ഗദ്യത്തിന് വ്യാകരണങ്ങൾ എഴുതി. ഈശോസഭാംഗമായ അർണോസ് പാതിരിയുടെ സംസ്കൃത വ്യാകരണം, പദ്യസാഹിത്യത്തിലെ അദ്വിതീയ സംഭാവനയായ പുത്തൻപാന, ഉമ്മാപർവ്വം, ചതുരന്ത്യം, വ്യാകുല പ്രബന്ധം, ജനോവപർവ്വം എന്നിവ മലയാള ഭാഷയെ സമ്പന്നമാക്കി. കേരള ഭാഷാ സാഹിത്യ ചരിത്രത്തിൽ ശ്രദ്ധേയമായ പരാമർശങ്ങളുള്ള ഈ വിദേശ മിഷണറിയെ ഇന്നാട്ടുകാരായ പല സംസ്കൃത പണ്ഡിതന്മാരും തങ്ങളുടെ ഗുരുവായി കണ്ടിരുന്നുവത്രേ. വ്യാകരണം, ഇന്ത്യ ഓറിയന്താലിസ്, ക്രിസ്ത്യാന, നൂറു പഴഞ്ചൊല്ലുകളുടെ ശേഖരം, മാർ ത്രേസ്യ പുണ്യസ്ത്രീയുടെ ചരിത്രം, ദേവസ്യ ഷഡ്ചിഹ്നഗാനം എന്നിങ്ങനെ പല കൃതികളും രചിച്ച പൗലീനോസ് പാതിരി തിരുവിതാംകൂർ മഹാരാജാവ് രാമവർമ്മയ്ക്ക് ഏറെ ആദരണീയനായിരുന്നു.

(f) ക്രൈസ്തവ ദൃശ്യകലാരൂപങ്ങളിൽ മുഖ്യമായിട്ടുള്ളതാണ് മാർഗംകളിയും ചവിട്ടുനാടകവും. മധ്യകേരളത്തിലെ ക്നാനായ ക്രൈസ്തവർക്കിടയിൽ കല്യാണത്തലേന്ന് നടത്തിയിരുന്നതാണ് മാർഗംകളി. മാർത്തോമായുടെ ഭാരത പ്രേഷിതത്വം ഇതിവൃത്തം ആക്കിയുള്ള ഈ ദൃശ്യകലയിൽ സുറിയാനി സംഗീതവും കർണാട്ടിക് സംഗീതവും ഒന്നിച്ച് സമന്വയിപ്പിച്ചിരിക്കുന്നു. മുഖ്യഗായിക ചെറിയ ഇലത്താളവുമായി ഗാനമാലപിക്കുമ്പോൾ മുണ്ടും ചട്ടയും മേക്കാമോതിരവും ധരിച്ച സ്ത്രീകൾ വട്ടത്തിൽ ചുവടുവെച്ചാണ് ഇത് അവതരിപ്പിക്കുന്നത്.

(g) കേരളത്തിലെ കൂത്ത്, കൂടിയാട്ടം, കഥകളി എന്നിവയും പാശ്ചാത്യ രംഗകലയായ ഓപ്പറയും ഒരുമിച്ചു കൂടിയതാണ് എന്ന് ഗവേഷക സെബീന റാഫി നിരീക്ഷിക്കുന്ന ചവിട്ടുനാടകം കേരളത്തിന്റെ തീരപ്രദേശങ്ങളിലെ ലത്തീൻ ക്രൈസ്തവർക്കിടയിൽ പ്രചരിച്ചിരുന്ന അവതരണ കലാരൂപമാണ്. രാജാക്കന്മാർ, മന്ത്രിമാർ തുടങ്ങിയ വീരരസ പ്രധാനരായ കഥാപാത്രങ്ങളാണ് മിക്കവാറും ഇതിലുള്ളത് എന്നതിനാൽ രംഗവേദി ഇളക്കിപ്പറിക്കുന്ന തരം ചുവടുകൾ ഇതിന്റെ പ്രത്യേകതയാണ്. നടീനടന്മാർ തന്നെ

പാടുകയും അഭിനയിക്കുകയും ചെയ്യണം. ചെണ്ട, ഇലത്താളം, ക്ലാരനറ്റ് എന്നിവയാണ് മുഖ്യ അകമ്പടി വാദ്യങ്ങൾ. ക്രൈസ്തവ ചരിത്രം, ബൈബിൾ കഥകൾ എന്നിവ സാധാരണ വിഷയങ്ങൾ ആക്കുന്നു. കാറൾസ്മാൻ ചരിത്രം, അഞ്ചേലിക്ക നാടകം, അൽഫോൻസ് നാടകം, ബൃശീന നാടകം എന്നിവ ചവിട്ടുനാടകങ്ങളിൽ മുഖ്യങ്ങളാണ്. ചെല്ലാനം വി.എസ്. ആൻഡ്രൂസ് ഈ രംഗത്തെ അതികായനാണ്. വേദതത്വപ്രചാരണം മാത്രമാണ് മുഖ്യലക്ഷ്യം.

(h) കളരിപ്പയറ്റ് പോലുള്ള ആയോധന സമ്പ്രദായത്തിൽ ഉള്ളതും നമ്മുടെ തീരദേശങ്ങളിൽ നിലനിന്നിരുന്നതുമായ ഒരു ക്രൈസ്തവ കലാരൂപമാണ് പരിചമുട്ടുകളി. നീട്ടി മടക്കിക്കുത്തിയ മുണ്ടും ചുവന്ന തുണികൊണ്ടുള്ള തലക്കെട്ടും ആണ് വേഷം. മാർത്തോമാ സ്തുതിപോലുള്ളവയായിരുന്നു മുഖ്യവിഷയം. രാഗം ചൊല്ലൽ, രാഗവന്ദനം, ചുവടുകൾ, വെട്ട് തുടങ്ങിയവയ്ക്ക് നേതൃത്വം വഹിക്കുന്നത് കളിക്കാരുടെ മധ്യത്തിൽ നിൽക്കുന്ന കളി ആശാനാണ്.

(i) തീരദേശം കേന്ദ്രീകരിച്ച് പ്രചരിച്ച ഒരു ഭക്ത്യാചരണമാണ് ദേവാസ്തുവിളി. ഉച്ചസ്വരത്തിൽ സംഘം ചേർന്ന് നടത്തുന്ന ആലാപനശൈലിയിലുള്ള പ്രാർത്ഥനയാണ് ദേവാസ്തുവിളി. വലിയ നോയമ്പുകാല രാത്രികളുടെ നിശബ്ദതയിൽ പീഡാനുഭവ സ്മൃതികൾ ഉയർത്തി കേൾവിക്കാരിൽ പ്രാർത്ഥനാനുഭൂതി ഉണ്ടാക്കുകയാണ് ലക്ഷ്യം.

(j) സഭ വചനപ്രഘോഷണത്തിലും ആരാധനക്രമത്തിലും കലയും സാഹിത്യവും ഉൾച്ചേർക്കുകയും കലാകാരന്മാരെയും ശില്പികളേയും സാഹിത്യകാരന്മാരെയും സംഗീതജ്ഞരെയും എന്നും പ്രോത്സാഹിപ്പിക്കുകയും ചെയ്തുപോരുന്നു. വിശുദ്ധ അഗസ്റ്റിനും വിശുദ്ധ തോമസ് അക്വിനാസും ദേവാലയ സംഗീതത്തെ വളർത്തുന്നതിൽ വലിയ പങ്കു വഹിച്ചവരാണ്.

(k) "ചരിത്രത്തിലും പ്രപഞ്ചത്തിലും ഉള്ള മനുഷ്യന്റെ സ്ഥാനം വെളിപ്പെടുത്താനും അവന്റെ ദുരിതങ്ങളും സന്തോഷങ്ങളും ആവശ്യങ്ങളും കഴിവുകളും പ്രകാശിപ്പിക്കാനും കുറേക്കൂടി മെച്ചപ്പെട്ട ഒരു മനുഷ്യജീവിതം വരച്ചുകാട്ടാനുമുള്ള പരിശ്രമത്തിൽ കലാകാരന്മാരും സാഹിത്യകാരന്മാരും ഏർപ്പെട്ടിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ട് രണ്ടാം വത്തിക്കാൻ കൗൺസിൽ 'സഭ ആധുനിക ലോകത്തിൽ' എന്ന പ്രമാണരേഖയിലൂടെ കലാസാഹിത്യകാരന്മാരെ അംഗീകരിക്കണമെന്നും ദൈവസന്നിധിയിലേക്ക് ഹൃദയങ്ങളെ ഉയർത്തുന്ന കലാരൂപങ്ങളെ വിശുദ്ധ സ്ഥലത്ത് സ്വീകരിക്കാവുന്നതാണെന്നും പഠിപ്പിക്കുന്നു.

(l) സുവിശേഷവൽക്കരണത്തിൽ അച്ചടി-ദൃശ്യമാധ്യമങ്ങൾക്കുള്ള പ്രാധാന്യവും സാമൂഹിക സമ്പർക്കം മാധ്യമങ്ങൾ എന്ന പ്രമാണരേഖയിൽ വ്യക്തമാക്കുന്നു. പത്രം, സിനി

മ, നാടകം, റേഡിയോ, ടെലിവിഷൻ എന്നിവയുടെ സർഗ്ഗാത്മക വിനിയോഗം സംബന്ധിച്ച് ഇതിൽ പ്രതിപാദിക്കുന്നു.

**2. കുട്ടിയിൽ രൂപപ്പെടേണ്ട മനോഭാവം**

(a) കലയും സാഹിത്യവും വിദ്യാഭ്യാസവും വഴി സഭ ലോകത്തിന് നൽകിയ സംഭാവനകളെ തിരിച്ചറിഞ്ഞ് സഭാമാതാവിനെ അഭിമാനപൂർവം സ്നേഹിക്കാനും അത്തരം സംഭാവനകൾ തങ്ങളുടെ ജീവിതത്തിലൂടെയും ലോകത്തിന് നൽകാനുള്ള മനോഭാവം.

(b) കലാസാഹിത്യ പ്രതിഭകളെ വളർത്തിയെടുക്കാനും നവ സുവിശേഷവൽക്കരണ പ്രക്രിയകളിൽ ഭാഗഭാക്കുകൾ ആകാനും, അവസരങ്ങൾ സൃഷ്ടിക്കാനും പങ്കാളികളാകാനുമുള്ള  മനോഭാവം.

## പഠനസഹായികൾ

* യൂട്യൂബ് വീഡിയോ - കാറ്റക്കൂമ്പുകൾ
* വീഡിയോ - ലോകത്തിലെ 10 പ്രധാനപ്പെട്ട ദേവാലയങ്ങളുടെ ചിത്രം
* വീഡിയോ - മാർഗംകളി, ചവിട്ടുനാടകം, പരിചമുട്ടുകളി, ദേവാസ്തുവിളി
* ഓഡിയോ - പുത്തൻപാന പാരായണം
* വായിച്ചു മനസ്സിലാക്കാൻ - (1) മിഷണറി സംഭാവനകൾക്ക് ഒരു സ്തോത്രഗാനം (2) സാഹിത്യേതര കലകൾ

## പാഠത്തിന്റെ ഉള്ളടക്കം

* സാഹിത്യകലകൾ കൂടാതെ ഏതൊക്കെതരം കലകൾ ഉണ്ടെന്ന് ഓരോ ഗ്രൂപ്പും രണ്ടു മിനിറ്റുകൊണ്ട് എഴുതി നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് ക്ലാസ് അവതരിപ്പിക്കുന്നു. കലകൾ എന്ന ഖണ്ഡിക വായിച്ചും, വിശദീകരിച്ചും പാഠം അവതരിപ്പിക്കുന്നു.
* സാഹിത്യേതര കലകൾ എന്നതു മുതല് പേജ് 135 വരെ ഗ്രൂപ്പ് തിരിഞ്ഞ് 5 മിനിറ്റുകൊണ്ട് വായിച്ചശേഷം ഗ്രൂപ്പിൽ ഓരോരുത്തരും ഓരോ ഭാഗം വീതിച്ചെടുത്ത് അതിലെ പ്രധാന ആശയങ്ങൾ ചെറിയ പേപ്പറുകളിൽ കുറിച്ച് ശേഖരിക്കുന്നു. (സമയം 5 മിനിറ്റ്). തുടർന്ന് ഒരു ഗ്രൂപ്പിലെ ആരെങ്കിലും ഒരാൾ അവരുടെ ഏതെങ്കിലും ഒരു പേപ്പർ കണ്ണടച്ചു എടുക്കുന്നു. രഹസ്യമായി എല്ലാവരും അത് വായിച്ചശേഷം അതു സംബന്ധിച്ച ഒരു ചോദ്യം തൊട്ടടുത്ത ഗ്രൂപ്പിനോട് ചോദിക്കുന്നു. ഉത്തരം പറഞ്ഞാൽ പോയിന്റ് ലഭിക്കുന്നു. പറഞ്ഞില്ലെങ്കിൽ ചോദിച്ച ഗ്രൂപ്പ് ഉത്തരം കാണാതെ പറയണം. പോയിന്റ് അവർക്ക് ലഭിക്കുന്നു. വീണ്ടും ചോദ്യം ആരോട് ചോദിച്ചുവോ ആ ഗ്രൂപ്പ് ചോദ്യം ചോദിക്കുന്നു. അങ്ങനെ ഒരു ഗ്രൂപ്പിന് രണ്ടു ചോദ്യം വീതം ചോദിക്കാൻ അവസരം നൽകുന്നു.

* മിഷണറി സംഭാവന, ഗദ്യാതീത വ്യാകരണം എന്നിവ ഗ്രൂപ്പ് തിരിഞ്ഞ് വായിച്ച് അതിലെ പ്രധാന ആശയങ്ങൾ ഉൾക്കൊള്ളിച്ച് ഒരു നാടൻപാട്ട് അവതരിപ്പിച്ച്, മികച്ചവയ്ക്ക് പോയിന്റ് നൽകണം.

## പ്രാർത്ഥന

കർത്താവായ ദൈവമേ, കലയും, സാഹിത്യവും നവമാധ്യമങ്ങൾ വഴിയും ഞങ്ങൾക്കു ലഭിക്കുന്ന അറിവ് നവസുവിശേഷവൽക്കരണത്തിനായി ഉപയോഗിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ.

## ചോദ്യങ്ങൾ

1. പ്രചീന ക്രൈസ്തവ കലാരൂപമായ ചവിട്ടുനാടകത്തെക്കുറിച്ച് വിശദീകരിക്കുക.
2. കാറ്റക്കൂമ്പുകളെക്കുറിച്ച് ഒരു കുറിപ്പെഴുതുക.
3. ദേവാലയ വാസ്തുശില്പകലയുടെയും നിർമ്മിതി ദർശനത്തിന്റെയും അടയാളങ്ങളായ ഏതാനും ദേവാലയങ്ങളുടെ പേരെഴുതുക.
4. ദേവാസ്തുവിളി ഒരു ഭക്ത്യാചരണം - വിശദമാക്കുക.
5. (പ്രവർത്തനം) ഇടവകയിൽ കലാരംഗത്തു പ്രവർത്തിക്കുന്നവരെ കണ്ടുപിടിച്ച് അവരുടെ കലാസങ്കല്പങ്ങളെയും കാഴ്ചപ്പാടുകളെയും കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുക.